സർവ്വീസ് ഓറിയന്റേഷൻ പ്രോഗ്രാം, ചിത്രസൂത്ര, യൂത്ത് ലീഡർഷിപ്പ് ക്യാമ്പ്, സുകർമ്മ, സ്പോർട്സ് കിറ്റ്, ജീവരായിനി തുടങ്ങിയ പദ്ധതികൾ ബോർഡ് നടപ്പിലാക്കിവരുന്നു.

(ഡി) 2014 വർഷത്തിൽ യുവജനക്ഷേമ ബോർഡ് വൈസ് ചെയർമാൻ, മെമ്പർ സെക്രട്ടറി, എന്നിവരും 19 ഗോത്ര വർഗ്ഗക്കാരും ഭാരത് ദർശൻ യാത്രയുടെ ഭാഗമായി കൽക്കട്ട സന്ദർശിച്ചശേഷം നേപ്പാളിലെ കാഠ്മണ്ഡു സന്ദർശിക്കുകയുണ്ടായി. ഈ പ്രോഗ്രാമിന് ആകെ 14,75,723 രൂപ ചെലവഴിച്ചിട്ടുണ്ട്. കാഠ്മണ്ഡു സന്ദർശനത്തിന് മാത്രമായുള്ള ചെലവ് കണക്കാക്കിയിട്ടില്ല.

യുവഹരിതം പദ്ധതി

215 (4801) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് യുവഹരിതം പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യുവഹരിതം എന്ന പദ്ധതി രൂപീകരിച്ചിട്ടില്ല.

(ബി & സി) ബാധകമല്ല.

ഗ്രോബാഗ് വിതരണം

216 (4802) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനങ്ങൾക്ക് വെജിറ്റബിൾ ഗ്രോബാഗ് വിതരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഈ പദ്ധതിയുടെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly